# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No. 8 :** ആഗസ്ത്2016 | വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്ട്

മലയാളം മാസ പത്രിക | ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര

### *ധർമ്മ വാണി*

*നിർധൻ യാ ധൻവാൻ ഹൊ,*
*അൺപഢ യാ വിദ്വാൻ.*
*ജിസ്നെ മൻ മൈലാ കിയാ,*
*ഉസ്കെ വ്യാകുൽ പ്രാൺ.*

ദരിദ്രനായാലും ധനികനായാലും,
പഠിപ്പില്ലാത്തവനായാലും, പഠിപ്പുള്ളവനായാലും ശരി.
ആര് മനസ്സിനെ മലിനമാക്കിയൊ,
അവരുടെ പ്രാണൻ വ്യാകുലനാവുകതന്നെ ചെയ്യും.

— **എസ. എൻ. ഗോയങ്ക**

# സുഖിയായ ഗൃഹസ്ഥൻ – സദ്ഗൃഹസ്ഥൻ – 1

**എസ. എൻ. ഗോയങ്ക**

ഏതൊരു സാമാന്യമായ ഗൃഹസ്ഥനും ഈ നാലു സ്വാഭാവികമായ അഭിലാശകൾ ഉണ്ടാകാറുണ്ട്. –

അവർ സമ്പന്നരാകാൻ ഇച്ഛിക്കുന്നു. ദാരിദ്യം, ദുർഭിക്ഷം, വിശപ്പുകൊണ്ട് മരണം സംഭവിക്കുക – ഗൃഹസ്ഥർക്ക്, ഗൃഹസ്ഥസമൂഹത്തിന് അഭിശാപമാണ്. വിശപ്പടങ്ങാതെ ധർമ്മപാലനമൊ വളരെ ദൂരേയാണ്, അതിനെക്കുറിച്ച് ചിന്തിക്കുന്നതു പോലും കഠിനമാണ്. ആയതിനാൽ ഗൃഹസ്ഥർക്ക് സമൃദ്ധി, സമ്പന്നനാകാനുള്ള അഭിലാശ സ്വാഭാവികമാണ്. വിവേകിയായ ഗൃഹസ്ഥൻ ഇതും മനസ്സിലാക്കും – ധനസമ്പത്ത് അവർ തന്നെ പരിശ്രമിച്ച് ആർജ്ജിക്കണം, ധർമ്മപൂർവ്വം ആർജ്ജിക്കണം. പരിശ്രമം കൂടാതെ ആർജ്ജിച്ച ധനം ഉപയോഗത്തിൽ ഒദകാറില്ല, സന്തോഷകരമാകാറില്ല. അതിൻറെ അപവ്യയം സംഭവിക്കാറുണ്ട്. ഇതെ പ്രകാരം അധർമ്മപൂർവ്വം വരുന്ന ധനം സുഖ-ശാന്തിയുടെ കാരണമാകാറില്ല. അന്യൻറെ സമ്പത്ത് - വീർപ്പുമുട്ട്ച്ച്, മോഷ്ടിച്ച് തട്ടിയെടുത്ത ധനം, വഞ്ചിച്ച് തനിക്കാക്കിയതു കൊണ്ട് അശാന്തിയെ ഉത്പന്നമാവുകയുള്ളു. ഇത്തരം സമ്പത്തുകൊണ്ട് സദുപയോഗം ആകാറില്ല, ദുരുപയോഗമെ ആകാറുള്ളു. ആയതിനാൽ വിവേകിയായ സദ്ഗൃഹസ്ഥൻറെ അഭിലാശ – പരിശ്രമിച്ച്, ധർമ്മപൂർവ്വം, ന്യായവും, നീതിയും പൂർവ്വം സമൃദ്ധി-സമ്പത്ത് ആർജ്ജിക്കുക – ഇത് ആദ്യത്തെ അഭിലാശയാകുന്നു – എന്തൊന്നിൻറെ പൂർത്തിയാക്കൽ ഏതൊരു സദ്ഗൃഹസ്ഥനും പ്രിയമുള്ളതും, മനോരമമും, സുഖദവും ആയിരിക്കും – പക്ഷെ ദുർലഭവുമാണ്.

ശ്രമപൂർവ്വവും, ധർമ്മപൂർവ്വവും സമ്പത്ത് ആർജ്ജിച്ചതിനു ശേഷം രണ്ടാമത്തെ അഭിലാശ സമൂഹത്തിലും, സ്വജനങ്ങൾക്കിടയിലും സാഫല്യം നേടുക എന്നതാണ്. വിശപ്പു താങ്ങാത്ത അവസ്ഥയിൽ മനുഷ്യൻ ധർമ്മവും, നീതിയും മറന്ന് ദുഷ്കർമ്മം ചെയ്യാൻ മുതിർന്നേക്കാം. പക്ഷെ വിശപ്പടങ്ങിയ സ്ഥിതിയിൽ സദ്ഗൃഹസ്ഥൻറെ അഭിലാശ – അവരുടെ സാഫല്യത്തെ ബാധിക്കുന്ന ഒന്നും തന്നെ - അവരുടെ ഭാഗത്തിൽ നിന്ന് ശരീരമൊ, വാണിയൊ കൊണ്ട് ചെറുതൊ-വലുതൊ ആയ അത്തരം ഒരു പ്രവർത്തിയിലും ഏർപ്പെടരുത് എന്നാണ്. ദുഷ്കർമ്മത്തിൽ ഏർപ്പെടാതേ അസത്യമായ നിന്ദയുണ്ടായാലും വിവേകിയായ സദ്ഗൃഹസ്ഥൻ അതുമൂലം വിചിലിതമാകാറില്ല. എന്നാൽ ദുഷ്കർമ്മം ചെയ്തിട്ടുണ്ടാകുന്ന നിന്ദയിൽ ലജ്ജിക്കും, മാനക്കേടനുഭവിക്കും. ആയതിനൽ സ്വാഭാവികമായി വിവേകിയായ സദ്ഗൃഹസ്ഥൻറെ അഭിലാശ – ധർമ്മപൂർവ്വം, ശ്രമപൂർവ്വം സഫലമായ ജീവിതം ജീവിക്കുക എന്നാണ്. ഈ

രണ്ടാമത്തെ അഭിലാശയുടെ പൂർത്തീകരിക്കൽ ഏതൊരു സദ്ഗൃഹസ്ഥനും പ്രിയമുള്ളതാണ്, മനോരമമാണ് സുഖകരമാണ്, പക്ഷെ ദുർലഭമാണ്.

ശ്രമപൂർവ്വവും ധർമ്മപൂർവ്വവും സമ്പത്ത് ആർജ്ജിച്ചുകൊണ്ട്, ശുഭ കർമ്മത്താൽ സാഫല്യം നേടുന്ന സദ്ഗൃഹസ്ഥൻറെ മൂന്നാമത്തെ അഭിലാശ – ജീവിതകാലം മുഴുവൻ സ്വസ്ഥമായി ജീവിക്കുക എന്നാണ്. സദ്ഗൃഹസ്ഥൻ നല്ല പോലെ മനസ്സിലാക്കുന്നു – മനുഷ്യജീവിതം വിലപ്പിടിച്ചതാണ്. ഈ ജീവിതത്തിൽ തന്നെ അന്തർമുഖിയായി സത്യ ദർശനം ചെയ്തു-ചെയ്ത് ആത്മ-ദർശനം ചെയ്തു-ചെയ്ത്, പരമ സത്യത്തിൻറെ സാക്ഷാത്കാരം ചെയ്യുന്നത് സാധ്യമാണ്. ജീവൻ-മുക്തനാകുന്നത് സാധ്യമാണ്. ആയതിനാൽ അവർ സ്വസ്ഥമായ ദീർഘായു ആയ ജീവിതം ജീവിക്കാൻ ഇച്ഛിക്കുന്നു. ഈ മൂന്നാമത്തെ അഭിലാശയുടെ പൂർത്തിയാക്കൽ ഏതൊരു സദ്ഗൃഹസ്ഥനും പ്രിയമുള്ളതാണ്, മനോരമമാണ്, സുഖദമാണ്, പക്ഷെ ദുർലഭമാണ്.

ശ്രമപൂർവ്വവും ധർമ്മപൂർവ്വവും സമ്പത്ത് ആർജ്ജിച്ചുകൊണ്ട്, സ്വജന-ഗുരുജനങ്ങൾക്കിടയിൽ ധർമ്മപൂർവ്വം സാഫല്യം നേടി, ദീർഘ കാലം സ്വസ്ഥ ജീവിതം ജീവിച്ചതിനു ശേഷം സദ്ഗൃഹസ്ഥൻറെ നാലാമത്തെ അഭിലാശ – ശരീരം വിട്ടു പോകുന്ന സമയം അവർക്ക് ദുർഗതി സംഭവിക്കരുത്, സദ്ഗതിയുണ്ടാകണം, സ്വർഗ്ഗഗാമിയാകണം എന്നാണ്. അവർ നല്ല പോലെ മനസ്സിലാക്കുന്നു – മരണ ശേഷം അപായഗതി, അധോഗതി പ്രാപ്തമായാൽ പുറത്തു വരുന്നത് വളരെ കഠിനമാണ്. അധോഗതിയിൽ ധർമ്മം ധാരണം ചെയ്യുന്ന പ്രശ്നമെ ഉദിക്കുന്നില്ല. ഊർധ്വ ലോകത്തേക്കു പോയാൽ ഈ, ഇവിടെ പഠിച്ച ധർമ്മ സാധന, അതിൻറെ അഭ്യാസം നില നിറുത്താനാകും. ധർമ്മ പഥത്തിൽ പുരോഗമിച്ചുകൊണ്ടുപോയി പരമ വിമുക്ത അവസ്ഥയുടെ സമീപം എത്തിക്കൊണ്ടു പോകും. ആയതിനാൽ സദ്ഗൃഹസ്ഥൻറെ അഭിലാശ – മരണ ശേഷം സ്വർഗ്ഗലോകഗമനം ആവുക എന്നാണ്. ഈ നാലാമത്തെ അഭിലാശയുടെ പൂർത്തീകരിക്കൽ ഏതു സദ്ഗൃഹസ്ഥനും പ്രിയമാണ്, മനോരമമാണ്, സുഖകരമാണ്, പക്ഷെ ദുർലഭമാണ്.

ഭഗവാൻ തൻറെ അഗ്ര ഉപാസകൻ, ഗൃഹപതി, അനാഥപിണ്ടകനെ ഉപദേശിച്ചുകൊണ്ട് പറയുകയുണ്ടായി – ഈ നാലു പ്രിയമായ, മനോരമമായ, സുഖദമായ അഭിലാശകളുടെ പൂർത്തിക്കായി നാലു ധർമ്മ സാധനങ്ങളുണ്ട് – അതുണ്ടെങ്കിൽ ദുർലഭം സുലഭമാകും. ഈ നാലാണ് അത് – ശ്രദ്ധാ സമ്പത്തി, ശീല-സമ്പത്തി, ത്യഗ-സമ്പത്തി, പ്രജ്ഞാ-സമ്പത്തി.

**എന്താണ് ശ്രദ്ധാ-സമ്പത്തി?**

ഏതെങ്കിലും ഒരു **സമ്യക് സംബുദ്ധൻറെ ബോധിയുടെ പ്രതി ശ്രദ്ധ ജനിക്കുന്നു,** അവരുടെ ഗുണങ്ങളുടെ പ്രതി ശ്രദ്ധ ജനിക്കുമ്പോൾ..... ഇങ്ങനെയാണ് ഭഗവാൻ, അവർ അരഹന്ത ആണ്, സമ്യക് സമ്പുദ്ധനാണ്, വിദ്യയും ആചരണത്തിലും സമ്പന്നനാണ്, സുഗതനാണ്, ലോക-ജ്ഞാതാവാണ്, അതുല്യനാണ്. തെറ്റായ വഴിയിലൂടെ സഞ്ചരിക്കുന്നവരെ ശരിയായ വഴിയിലൂടെ നടത്തുന്നതിൽ നിപുണനാണ്. ദേവ-മനുഷ്യരുടെ ശാസ്താവാണ്, ആചാര്യനാണ്, ബുദ്ധനാണ്, ഭഗവാനാണ്.

**സംപ്രദായവിഹീനമായ ശുദ്ധ ധർമ്മത്തിൽ ശ്രദ്ധ ജനിക്കുന്നു......** ധർമ്മം സ്പഷ്ടമാണ്, വഴി ചൂണ്ടിക്കാട്ടിത്തരുന്നു, സാന്ദൃഷ്ടികമാണ് (അനുഭവിച്ചറിയാവുന്നതാണ്), അകാലികമാണ്( ഫലം കാലതാമസം കൂടാതെ ലഭിക്കുന്നു), വന്നു പരീക്ഷിക്കാൻ (പരിശീലിക്കാൻ) യോഗ്യതയുള്ളതാണ്), അഭ്യുന്നതിയിലേക്ക് നയിക്കുന്നതാണ്, പ്രത്യേക വിവേകശാലിയായവർക്ക് ധാരണം ചെയ്യാവുന്ന യോഗ്യതയുള്ളതാണ്.

**ദിവ്യമായ ഈ സംഘത്തിൻറെ പവിതത്രയുടെ പ്രതി ശ്രദ്ധ ജനിക്കുന്നു.....** ഈ ദിവ്യന്മാർ സുമാർഗ്ഗഗാമിയാണ്. ഋജുമാർഗ്ഗഗാമിയാണ്, ജ്ഞാനമാർഗ്ഗഗാമിയാണ്, ഉചിതമായ...ശീലം, സമാധി, പ്രജ്ഞയിൽ പ്രതിഷ്ഠാപിതമായി അനാര്യത്തിൽ നിന്ന് ആര്യനായിരിക്കുകയാണ്, നിർവ്വാണ-ദർശനം ചെയ്തവരാണ്. അതു കാരണം ദിവ്യന്മാരാണ്. മനസ്സ് നിർമ്മലമാണ്, അതു കാരണം പൂജിക്കാൻ പറ്റിയവരാണ്, വന്ദ്യനാണ്, ആതിഥ്യം, ദക്ഷിണാ യോഗ്യരാണ്, ലോകത്തിൽ അതുല്യമായ പുണ്യ ക്ഷേത്രമ്രാണ്(പുണ്യ പ്രവർത്തിരംഗമാണ്).

സദ്ഗൃഹസ്ഥൻ ശ്രദ്ധാ-സമ്പത്തിയിൽ സമ്പന്നനാകുമ്പോൾ അവരുടെ മനസ്സിൻറെ ഉറപ്പ് ദൂരീകരിക്കപ്പെടുന്നു, മൃദുവായിത്തീരുന്നു. കടുപ്പം ദൂരീകരിക്കപ്പെടുന്നു, മാദുര്യം വരുന്നു, വകത്ര ദൂരീകരിക്കപ്പെടുന്നു, ഋജുത, സരളത വരുന്നു. ഇത്തരം വ്യക്തി ആരേയും വഞ്ചിച്ച് സമ്പത്ത് കൈക്കലാക്കില്ല. ധർമ്മപുർവ്വം സമ്പത്ത് ആർജ്ജിക്കും, സമ്പത്ത് ആർജ്ജിക്കുന്നതിൽ സാഫല്യം നേടും.

**എന്താണ് ശീല-സമ്പത്തി?**

ഏതൊരു ഗൃഹസ്ഥൻ ശീലസമ്പന്നനാണൊ അവർ ഒരു പ്രാണിയുടെയും ഹത്യ ചെയ്യില്ല, മോഷ്ടിക്കില്ല, വ്യഭിചരിക്കില്ല, കള്ളം(നുണ) പറയുകയില്ല, മാദക-പദാർത്ഥങ്ങൾ സേവിക്കില്ല. എന്തുകൊണ്ട് നിന്ദിക്കപ്പെടാൻ സാധ്യതയുണ്ടൊ അത്തരം

ശരീരം കൊണ്ടൊ, വാണികൊണ്ടൊ യാതൊരു ദുഷ്കർമ്മവും ചെയ്യുകയില്ല. അങ്ങിനെ ശീല-സമ്പന്നനായ വ്യക്തിക്ക് സാഫല്യം ലഭിക്കാതെ പോകില്ല, വിജയം കൈപ്പറ്റും.

### എന്താണ് ത്യാഗ-സമ്പത്തി?

സദ്ഗൃഹസ്ഥൻ ശേഖരിക്കാൻ, കൂട്ടിവെയ്ക്കാൻ മാത്രമല്ല ധനം ആർജ്ജിക്കാറുള്ളത്. അവർ പിശുക്ക് രഹിതമായ മനസ്സോടെ ജീവിക്കും. എന്ത് ആർജ്ജിച്ചുവൊ അതിൻറെ സംവിഭാഗം ചെയ്യും, അതിനെ പങ്കിട്ടു വിതരണം ചെയ്യും. പ്രസന്നമായ മനസ്സോടെ, തുറന്ന ഹൃദയത്തോടെ, തുറന്ന കൈയോടെ ദാനം കൊടുക്കും. ഈ ദാന-സമ്പത്തിയിൽ സമ്പന്നനായി സദ്ഗൃഹസ്ഥൻ ഏതെങ്കിലും സദ്ഗൃഹ സ്ഥന് - അന്നം, വസ്ത്രം, ഔഷധം ആവാസത്തിൻറെ ദാനം ചെയ്യുമ്പോൾ ആയുബലത്തിൻറെ ദാനമാണ് ചെയ്യുന്നത് – അതിൻറെ പ്രതിഫലമായി അവർക്കും ആയുബലം പ്രാപ്തമാകുന്നു. അവരും ദീർഗ്ഗജീവി യാകുന്നു, സ്വസ്ഥരാകുന്നു.

### എന്താണ് പഞ്ഞാ സമ്പത്തി?

സദ്ഗൃഹസ്ഥൻ ശീല-സദാചാരത്തിൻറെ ജീവിതം ജീവിച്ചുകൊണ്ട് മനസ്സിനെ ഏകാഗ്രമാക്കാനുള്ള അഭ്യാസം ചെയ്ത്, കായയിൽ(ശരീരത്തിൽ) കായാനു പശ്യന, വേദനയിൽ(സംവേദനയിൽ) വേദനാ നുപശ്യന, ചിത്തത്തിൽ ചിത്താനുപശ്യന, ധർമ്മത്തിൽ ധർമ്മാനുപശ്യന ചെയ്യുന്നു. ഇങ്ങനെ അന്തർമുഖിയായി വിപശ്യന അഭ്യസിക്കുമ്പോൾ അനുഭവപ്പെടുന്നു – എപ്രകാരം സമയാസമയം അഞ്ചു ആവരണങ്ങൾ, നീവരണങ്ങൾ(ശത്രുക്കൾ) ബാധ സൃഷ്ടിച്ച് മനസ്സിനെ കീഴടക്കുന്നു - അഞ്ചു ശത്രുക്കൾ തലക്കു കയറി പിടിച്ചതുപോലെ. ചിലപ്പോഴൊക്കെ അവരുടെ മനസ്സ് ലോഭം കാരണം കീഴടങ്ങിപ്പോകുന്നു -അതു കാരണം എന്തു ചെയ്യാൻ പാടുള്ളാത്തതാണൊ അതു തന്നെ ചെയ്തു കൂട്ടുന്നു. എന്തു ചെയ്യണമൊ അത് ചെയ്യാൻ സാധിക്കുന്നില്ല. അകരണീയമായത് ചെയ്യുന്നതു കൊണ്ടും, കരണീയമായത് ചെയ്യാത്തതുകൊണ്ടും അവരുടെ സുഖത്തിനും, ഐശ്വര്യത്തിനും ഹാനി സംഭവിക്കുന്നു. ഇതു തന്നെ സംഭവിക്കുന്നു – എപ്പെപ്പോൾ അവരുടെ മനസ്സ് ദ്വേഷ-ദൌർമനസ്യം കൊണ്ട് നിറയുന്നു, അഥവാ മടി-പ്രമാദം കൊണ്ട് നിറയുന്നു, അഥവാ അസ്വസ്ഥത-ആത്മഗ്ലാനിയാൽ നിറയുന്നു, അഥവാ സംശയം, സന്ദേഹത്താൽ നിറയുന്നു. വിപശ്യന ചെയ്യുന്ന ഗൃഹസ്ഥ ശിഷ്യൻ സമയാസമയം പ്രകടമാകുന്ന ഈ അഞ്ചു നീവരണങ്ങളെ ശത്രുവായി തിരിച്ചറിയുന്നു, എന്നിട്ട് മനസ്സിലാക്കുന്നു – ഇത് മനസ്സിൻറെ (ക്ലേശം) മാലിന്യമാണ്. ഇങ്ങനെ മനസ്സിലാക്കി അതിനെ പ്രയത്നപൂർവ്വം ദൂരീകരിക്കുന്നു. ആ നീവരണങ്ങളെ ഉന്മൂലനം(ഉച്ഛേദനം) ചെയ്ത് സ്ഥൂല-സ്ഥൂലമായ സത്യത്തിൻറെ ദർശനം ചെയ്തുകൊണ്ട്, അതിനെ വിഭജിച്ച്, വിശ്ലേഷണം ചെയ്ത്, സൂക്ഷ്മ സത്യങ്ങളുടെ സാക്ഷാത്കാരം ചെയ്തുകൊണ്ട്, പരമ-സത്യമായ നിർവ്വാണത്തിൻറെ ദർശനം ചെയ്യുന്നു. അനാര്യത്തിൽ നിന്ന് ആര്യനായിത്തീരുന്നു. ഇത്തരം സദ്ഗൃഹസ്ഥൻ മഹാ പഞ്ഞ്യനെന്ന് വിളിക്കപ്പെടുന്നു. പഞ്ഞാ സമ്പത്താൽ സമ്പന്നനാകുന്നു.

പഞ്ഞാബലത്താൽ പരമ സത്യത്തിലേക്കുള്ള യാത്ര ചെയ്തുകൊണ്ട് - അപായഗതി, അധോഗതി യിലേക്ക് കൊണ്ടുപോകുന്ന തൻറെ അത്തരം സകല കർമ്മ-സംഖാരകളുടെയും ക്ഷയം ചെയ്യുന്നു. നിർവ്വാണ ത്തിൻറെ സാക്ഷാത്കാരം ചെയ്തുകൊണ്ട് എപ്പോൾ ശ്രോതാപന്നനായിത്തീരുന്നുവൊ, മുക്തിയുടെ ഒഴുക്കിൾ പെടുന്നു. ആയതിനാൽ അധോഗതിയിൽ നിന്ന് പൂർണ്ണമായ വിടുതൽ പ്രാപ്തമാകുന്നു. അവരുടെ ശേഷിച്ച കുറച്ചു ജന്മങ്ങൾ ഊർധ്വ ലോകത്തിലെ മാത്രമെ ആകാൻ സാധ്യതയുള്ളു. ഇങ്ങനെ പഞ്ഞാ-സമ്പന്നനായ ഗൃഹസ്ഥൻ തൻറെ സദ്ഗതിയെ സംബന്ധിച്ച് നിശ്ചിതനും ആസ്വസ്ഥനും ആയിത്തീരുന്നു …….തുടരും(1980 പഴയ പത്രികയിൽ പ്രകാശിപ്പിച്ചത്)